REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 28-10-2024 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയും സ്പാനിഷ് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസും ചേർന്ന് സി-295 സൈനികവിമാനങ്ങൾ നിർമ്മിക്കുന്ന ടാറ്റാ എയർ ക്രാഫ്റ്റ് സമുച്ചയം വഡോദരയിൽ ഉദ്ഘാടനം ചെയ്തു.
- ഉപ തെരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പുരോഗമിക്കുന്നു.
- രാജ്യത്ത് വിജിലൻസ് അവബോധ വാരത്തിന് തുടക്കമായി.
- കോഴിക്കോട് കോർപ്പറേഷൻ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ചതിന്റെ പ്രഖ്യാപനം മന്ത്രി PA മുഹമ്മദ് റിയാസ് നിർവ്വഹിച്ചു.
- പട്ടികവർഗ വികസന വകുപ്പിന്റെ 'കളിക്കളം കായികമേള തിരുവനന്തപുരത്ത് ആരംഭിച്ചു.
- ഇന്ത്യ- ന്യൂസിലാൻഡ് ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയും സ്പാനിഷ് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസും ചേർന്ന് സി-295 സൈനികവിമാനങ്ങൾ നിർമ്മിക്കുന്ന ടാറ്റാ എയർ ക്രാഫ്റ്റ് സമുച്ചയം ഗുജറാത്തിലെ വഡോദരയിൽ ഉദ്ഘാടനം ചെയ്തു.

ആഗോള എയ്റോസ്പേസ് നിർമ്മാണത്തിൽ വിശ്വസനീയമായ പങ്കാളിയെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം ഉറപ്പിക്കുന്നതാണ് ടാറ്റ

എയർക്രാഫ്റ്റ് കോംപ്ലക്സ് എന്ന് നരേന്ദ്ര മോദി പറഞ്ഞു. ഫാക്ടറി ഇന്ത്യ-സ്പെയിൻ ബന്ധം ശക്തിപ്പെടുത്തുക മാത്രമല്ല, മേക്ക് ഇൻ ഇന്ത്യ, മേക്ക് ഫോർ ദ വേൾഡ് മിഷൻ എന്നിവയെ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യ ലോകത്തിന് വേണ്ടി സിവിലിയൻ വിമാനങ്ങൾ നിർമ്മിക്കുന്ന ദിവസം വിദൂരമല്ലെന്നും അതിൽ ഇന്ത്യയുടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയ്ക്ക് വലിയ പങ്ക് വഹിക്കാനുണ്ടെന്നും മോദി പറഞ്ഞു.

ഇന്ത്യയിൽ സൈനിക വിമാനങ്ങൾക്കായി ആദ്യത്തെ സ്വകാര്യ മേഖലയിലെ ഫൈനൽ അസംബ്ലി ലൈൻ ആണ് ഇത്. മേക്ക് ഇൻ ഇന്ത്യയിൽ സൈനിക വിമനങ്ങൾക്കായി രാജ്യത്തെ ആദ്യ സ്വകാര്യ എയറോ സ്പേയ്സ് പ്രൊജക്ടാണ് ടാറ്റാ എയർ ബസ് പ്രൊജക്ട്.

✪✪✪

വയനാട് ലോക്സഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പുരോഗമിക്കുന്നു. ഈ മണ്ഡലങ്ങളിൽ മൊത്തം 46 പത്രികകളാണ് സമർപ്പിച്ചത്. വയനാട്ടിൽ 21 ഉം പാലക്കാട് 16 ഉം ചേലക്കരയിൽ 9 ഉം പത്രികകളാണ് ലഭിച്ചത്. പത്രിക പിൻവലിക്കാൻ സമയ പരിധി മറ്റന്നാൾ അവസാനിയ്ക്കുന്നതോടെ മത്സര ചിത്രം വ്യക്തമാകും.

ഈ മണ്ഡലങ്ങൾക്ക് ഒപ്പം, 12 സംസ്ഥാനങ്ങളിലെ 45 നിയമസഭാ മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പിന് പത്രികാ സമർപ്പണം വെള്ളിയാഴ്ച്ചയാണ് അവസാനിച്ചത് .

വോട്ടെടുപ്പ് അടുത്ത മാസം 13-ന് ആണ്. 23 നാണ് വോട്ടെണ്ണൽ.

✪✪✪

പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി.

NDA സ്ഥാനാർഥി C. കൃഷ്ണകുമാർ കണ്ണാടി പഞ്ചായത്തിൽ നിന്നാണ് പ്രചാരണം ആരംഭിച്ചത്. NDA തെരഞ്ഞെടുപ്പ് കൺവെൻഷൻ വൈകിട്ട് E.ശ്രീധരൻ ഉദ്ഘാടനം ചെയ്യും.

UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പാലക്കാട് നഗരത്തിലെ വിവിധ കലാലയങ്ങളിലാണ് വോട്ടഭ്യർത്ഥന നടത്തുന്നത്. LDF സ്ഥാനാർഥി ഡോ P.സരിൻ രാവിലെ കൊടുന്തിരപ്പുള്ളി അഗ്രഹാരത്തിൽ നിന്നും പ്രചാരണം ആരംഭിച്ചു.

LDYF  തെരഞ്ഞെടുപ്പ് കൺവെൻഷനിലും  അദ്ദേഹം പങ്കെടുത്തു.

✪✪✪

ചേലക്കര ഉപതെരഞ്ഞെടുപ്പിൽ മൂന്ന് മുന്നണികളും തിരക്കിട്ട തെരഞ്ഞെടുപ്പ് പര്യടനത്തിലാണ്. ജനങ്ങളെ നേരിട്ടുകണ്ട് വോട്ടുകൾ തേടുന്ന തിരക്കിലാണ് നേതാക്കളും സ്ഥാനാർത്ഥികളും.

UDF സ്ഥാനാർഥി രമ്യ ഹരിദാസ് കുടുംബ സദസ്സുകളുടെ കൂട്ടായ്മകളിലാണ് ഇന്ന് സംബന്ധിക്കുന്നത്. കുടുംബ സദസ്സുകളുടെ ഉദ്ഘാടനം UDF കൺവീനർ M.M ഹസ്സൻ നിർവഹിക്കും.

NDA സ്ഥാനാർഥി കെ ബാലകൃഷ്ണൻ ഇന്ന് പാഞ്ഞാൾ പഞ്ചായത്തിലാണ് പ്രചാരണം നടത്തുന്നത്. വൈകിട്ട് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പങ്കെടുക്കുന്ന ചേലക്കര തെരഞ്ഞെടുപ്പ് കൺവെൻഷൻ പരിപാടിയും നടക്കും.

LDF സ്ഥാനാർത്ഥി U.R പ്രദീപ് മുള്ളൂർക്കര, പഴയന്നൂർ, എളനാട്, എന്നിവിടങ്ങളിലെ കൺവെൻഷനുകളിലാണ് ഇന്ന്  എത്തിച്ചേരുന്നത്.

✪✪✪

തൃശൂർ പൂരം വിഷയത്തിൽ മുഖ്യമന്ത്രിയുടെ പ്രസ്താവനയിലൂടെ ഇനി അന്വേഷണം കൊണ്ട് ഒരു കാര്യവുമില്ലെന്ന് ബോധ്യമായതായി കോൺഗ്രസ് പ്രവർത്തകസമിതി അംഗം രമേശ് ചെന്നിത്തല പറഞ്ഞു. ഇക്കാര്യത്തിൽ CPI നിലപാട് വ്യക്തമാക്കണമെന്ന് അദ്ദേഹം കോഴിക്കോട്ട് ആവശ്യപ്പെട്ടു.

✪✪✪

തൃശൂർപൂരം കലങ്ങിയെന്ന് നിയമസഭയിൽ പറഞ്ഞ മുഖ്യമന്ത്രി പിണറായി വിജയൻ ഇപ്പോൾ അത് മാറ്റിപ്പറയുന്നത് ഒളി അജണ്ടയുടെ ഭാഗമായാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് K. മുരളീധരൻ കുറ്റപ്പെടുത്തി. പൂരം ആചാരപരമായി മുടങ്ങിയെന്നത് യാഥാർത്ഥ്യമാണെന്ന് അദ്ദേഹം പറഞ്ഞു. പൊലീസ് പൂരസ്ഥലത്ത് വടംകെട്ടി ആനകളെയും ജനങ്ങളെയും തടഞ്ഞതിനാൽ സഹികെട്ടാണ് ദേവസ്വംബോർഡ് പൂരം നിർത്തിയതെന്ന് അദ്ദേഹം വ്യക്തമാക്കി. മുഖ്യമന്ത്രിക്ക് സംഘി മനസ്സാണെന്നും കേന്ദ്രഗവൺമെന്റിനെ പ്രീതിപ്പെടുത്താനാണ് അദ്ദേഹത്തിന്റെ ശ്രമമെന്നും പൂരം കലക്കിയതിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്നും K. മുരളീധരൻ ആവശ്യപ്പെട്ടു.

✪✪✪

കോൺഗ്രസിലെ ആഭ്യന്തര തർക്കത്തിൽ നിന്ന് ശ്രദ്ധ തിരിക്കാനാണ് സംസ്ഥാന ഗവൺമെന്റിനെതിരായ പ്രതിപക്ഷത്തിന്റെ പ്രചാരണമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു . സ്വന്തം പാർട്ടിയിൽ ഐക്യം കാത്തുസൂക്ഷിക്കാൻ കഴിയാത്തതുകൊണ്ടാണ് പ്രതിപക്ഷ നേതാവ് ഗവൺമെന്റിനെതിരെ പ്രചാരണം നടത്തുന്നതെന്നും അദ്ദേഹം കോഴിക്കോട്ട് കുറ്റപ്പെടുത്തി.

✪✪✪

രാജ്യത്ത് വിജിലൻസ് അവബോധ വാരത്തിന് തുടക്കമായി. പൊതുജീവിതത്തിൽ സത്യസന്ധത പ്രോത്സാഹിപ്പിക്കുന്നതിനും അഴിമതി രഹിത സമൂഹം കൈവരിക്കുന്നതിനുമാണ് വാരാചരണം. രാജ്യ സമൃദ്ധിക്ക് സമഗ്രതയുടെ സംസ്കാരം എന്നതാണ് ഈ വർഷത്തെ വാരാചരണത്തിന്റെ വിഷയം.

കേന്ദ്രഗവൺമന്റ് ഓഫീസുകളിലേയും മന്ത്രാലയങ്ങളിലേയും, വകുപ്പുകളിലേയും, പൊതുമേഖലാ സ്ഥാപനങ്ങളിലേയും, ബാങ്കുകൾ ഉൾപ്പെടെ മറ്റ് സ്ഥാപനങ്ങളിലെയും ജീവനക്കാർ രാവിലെ പ്രതിജ്ഞയെടുത്തതോടെയാണ് വാരാചരണം ആരംഭിച്ചത്.

അഴിമതിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനായി വാരാചരണക്കാലത്ത് നിരവധി പരിപാടികൾ സംഘടിപ്പിക്കും.

ഭാരതരത്ന സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനം വരുന്ന ആഴ്ചയിലാണ് എല്ലാ വർഷവും വിജിലൻസ് അവബോധ വാരം ആചരിക്കുന്നത്.

✪✪✪

ജമ്മുകശ്മീരിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഭീകരൻ കൊല്ലപ്പെട്ടു. സൈനിക വാഹനം ആക്രമിച്ച ഭീകരർക്കു നേരെ സൈന്യം വെടിയുതിർക്കുകയായിരുന്നു.

✪✪✪

ഇടുക്കി ജില്ലയിലെ തോട്ടിയാർ ജലവൈദ്യുത പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. ജനറേറ്റർ പ്രവർത്തിക്കാൻ കുറഞ്ഞ അളവിൽ ജലം മതിയെന്ന പ്രത്യേകതയോടെ നിർമ്മിച്ച പവ്വർ ഹൗസിന് 40 മെഗാവാട്ടാണ് ഉൽപാദന ശേഷി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

..................(വോയ്സ്)..........

✪✪✪

ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. ഡിജി കേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷൻ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ചതിന്റെ പ്രഖ്യാപനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ഡിജിറ്റൽ ഉപകരണങ്ങൾ ക്രിയാത്മകമായി ഉപയോഗിക്കാൻ പൗരൻമാരെ പ്രാപ്തരാക്കുകയാണെന്നും എല്ലാ പൗരൻമാർക്കും ഇത്തരം സൗകര്യം ലഭിക്കണമെന്നും മന്ത്രി പറഞ്ഞു.

സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷര സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് നടപ്പാക്കുന്ന ഡിജികേരളം പദ്ധതിയുടെ ഭാഗമായി കോർപ്പറേഷനിലെ 75 വാർഡുകളിലും പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനെ തുടർന്നാണ് പ്രഖ്യാപനം.

✪✪✪

പട്ടികവർഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന ഏഴാമത് സംസ്ഥാനതല കായികമേള 'കളിക്കളം തിരുവനന്തപുരത്ത് ആരംഭിച്ചു. മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും മെച്ചപ്പെട്ട കായിക താരങ്ങളെ തദ്ദേശീയ ജനവിഭാഗത്തിൽ നിന്ന് വളർത്തിയെടുക്കാൻ ഈ കായികമേള വഴി സാധ്യമാകുമെന്ന് മന്ത്രി പറഞ്ഞു. മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ കെ വി ധനേഷ് വിദ്യാർഥികൾക്ക് കായിക പ്രതിജ്ഞ ചൊല്ലികൊടുത്തു.

✪✪✪

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻസിന്റെ നേതൃത്വത്തിൽ സംയോജിത ആശയ ബോധവൽക്കരണ പരിപാടി കണ്ണൂർ ചക്കരക്കല്ലിൽ ആരംഭിച്ചു. എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി കെ പ്രമീള മൂന്ന് ദിവസത്തെ ബോധവത്ക്കരണ പരിപാടി ഉദ്ഘാടനം ചെയ്തു.

ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. ദാമോദരൻ അധ്യക്ഷനായിരുന്നു. സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ കേരള ലക്ഷദ്വീപ് ഡയറക്ടർ വി.പാർവ്വതി തുടങ്ങിയവർ സംബന്ധിച്ചു.

✪✪✪

ഇന്ത്യ- ന്യൂസിലാൻഡ് ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തേയും അവസാനത്തേയും നാളെ അഹമ്മദാബാദിൽ. ഉച്ചയ്ക്ക് ഒന്നരയ്ക്ക് മത്സരം ആരംഭിക്കും. മൂന്നു മത്സര പരമ്പരയിൽ ഓരോ മത്സരം ജയിച്ച് സമനിലയിലായതിനാൽ പരമ്പര സ്വന്തമാക്കാൻ ഇരു ടീമുകൾക്കും നാളത്തെ മത്സരം നിർണായകമാണ്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കണ്ണൂർ വാരിയേഴ്സ് FC സെമിയിൽ പ്രവേശിച്ചു. കോഴിക്കോട് കോർപ്പറേഷർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ മലപ്പുറം FC യെ മൂന്നിനെതിരെ നാല് ഗോളിന് തോൽപ്പിച്ചാണ് കണ്ണൂർ സെമിയുറപ്പിച്ചത്.

✪✪✪

കേരള സ്കൂൾ ശാസ്ത്രോത്സവത്തിന്റെ പാലക്കാട് റവന്യൂ ജില്ലാ മേളകൾക്ക് പ്രധാന വേദിയായ BEMH ഹൈസ്ക്കൂളിൽ തുടക്കമായി. മൂന്ന് ദിവസങ്ങളിൽ അഞ്ചുവേദികളിലായി നടക്കുന്ന മത്സരങ്ങളിൽ അയ്യായിരത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കും. ഇന്ന് രണ്ടു വേദികളിൽ പ്രവൃത്തി പരിചയമേളയാണ് നടക്കുന്നത്.

✪✪✪

കണ്ണൂർ ജില്ലയിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് ഹരിതപദവി നൽകുന്നതിന് നടപടി ഊർജ്ജിതമായി പുരോഗമിക്കുന്നു. ആദ്യഘട്ടത്തിൽ എട്ട് കേന്ദ്രങ്ങൾക്കാണ് ഹരിത പദവി നൽകുക.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരൻ.

......(വോയ്സ്)...........

✪✪✪

തേങ്കുറിശ്ശി ദുരഭിമാനക്കൊലക്കേസിൽ പ്രതികൾക്ക് പാലക്കാട് ജില്ലാ അഡീഷണൽ സെഷൻസ് കോടതി ജീവപര്യന്തം തടവും അരലക്ഷം പിഴയും ശിക്ഷ വിധിച്ചു. തേങ്കുറുശ്ശി ഇലമന്ദം കുമ്മാണി

ചെറുതുപ്പല്ലൂർ സ്വദേശികളായ സുരേഷ്, പ്രഭുകുമാർ എന്നിവരെയാണ് ശിക്ഷിച്ചത്.

✪✪✪

കർണാടകയിലെ മധൂരിൽ KSRTC ബസ് ഡിവൈഡറിൽ ഇടിച്ച് കയറി മലയാളിയായ ഡ്രൈവർ മരിച്ചു. മലപ്പുറം ഡിപ്പോയിലെ ഡ്രൈവർ തിരൂർ സ്വദേശി പാക്കര ഹസീബ് ആണ് മരിച്ചത്.

✪✪✪

താനൂരിൽ ട്രെയിൻ തട്ടി യുവതി മരിച്ചു. ഒഴൂർ വെട്ടുകുളം സ്വദേശി ബിൻസിയയാണ് മരിച്ചത്. ഇന്നലെ രാത്രി ഷൊർണൂർ ഭാഗത്തേക്കു പോകുകയായിരുന്ന ചെന്നൈ മെയിൽ തട്ടിയാണ് അപകടമുണ്ടായത്.

✪✪✪

കോഴിക്കോട്ട് സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരി വില്പന നടത്തുന്ന സംഘത്തെ പൊലീസ് പിടികൂടി. ചെറുവണ്ണൂർ മധുര ബസാറിൽ ക്ലബ്ബായി ഉപയോഗിച്ചിരുന്ന കെട്ടിടത്തിൽ നിന്നാണ് വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന നിരോധിത മയക്കുമരുന്നായ MDMA യുമായി ബേപ്പൂർ സ്വദേശികളെ അറസ്റ്റ് ചെയ്തത്.

✪✪✪